**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1336** **12-02-2025 - ൽ മറുപടിയ്ക്ക്**

**സ്ത്രീ സൗഹൃദ വിനോദസഞ്ചാര മേഖല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീമതി ഒ എസ് അംബിക | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സ്ത്രീ സൗഹൃദ വിനോദസഞ്ചാര മേഖലയെന്ന ലക്ഷ്യം നേടുന്നതിനായി നടപ്പാക്കി വരുന്ന പ്രവർത്തനങ്ങളുടെ ഫലമായി ഈ മേഖലയിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സ്ത്രീ സൗഹൃദ വിനോദസഞ്ചാര പദ്ധതി നടപ്പിലാക്കിയതോടെ ഉത്തരവാദിത്ത ടൂറിസത്തിലെ സ്ത്രീ പങ്കാളിത്തം വർദ്ധിപ്പിക്കാനായിട്ടുണ്ട്.<br><br>പ്രാദേശിക സമൂഹത്തിലെ സ്ത്രീകളെ മുഖ്യധാരയിലേക്ക് കൊണ്ട് വരുന്നതിന്റെ ഭാഗമായി പ്രയോജനപ്പെടുത്തുന്ന വിവിധ ടൂളുകളിൽ ഒന്നായ ജൻഡർ ഓഡിറ്റ്, ടൂറിസം രംഗത്തു ആദ്യമായി നടത്തുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനം ആണ് കേരളം. നിലവിൽ 5 കേന്ദ്രങ്ങളിൽ ജൻഡർ ഓഡിറ്റ് പൂർത്തിയാക്കി, പുതുതായി 12 കേന്ദ്രങ്ങളിൽ ജണ്ടർ ഓഡിറ്റ് നടന്നു വരുന്നു. ഉത്തരവാദിത്ത ടൂറിസം മേഖലയിലെ 70% ൽ അധികം യൂണിറ്റുകൾ സ്ത്രീകൾ നയിക്കുന്നതോ സ്ത്രീകളുടെ ഉടമസ്ഥതയിലുള്ളതോ ആണ്. കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയാണ് ഇന്ത്യയിൽ ആദ്യമായി യു എൻ വിമണിന്റെ സാങ്കേതിക സഹായത്തോടെ സ്ത്രീ സൗഹൃദ വിനോദ സഞ്ചാര പദ്ധതി നടപ്പാക്കിയതും ജൻഡർ ഓഡിറ്റ് ചെയ്തതും. ലോകത്തെ ആദ്യത്തെ ഗ്ലോബൽ വിമൻ കോൺഫറൻസ് ഓൺ ജൻഡർ ഇൻക്ലൂസീവ് ടൂറിസം & റെസ്പോൺസിബിൾ ടൂറിസം എന്ന ആഗോള വനിതാ സമ്മേളനം നടന്നതും കേരളത്തിലാണ് . |
| (ബി) | പ്രസ്തുത മേഖലയെ കൂടുതൽ സ്ത്രീ സൗഹൃദമാക്കുന്നതിനായി നടപ്പാക്കാനുദ്ദേശിക്കുന്ന നയപരിപാടികളെക്കുറിച്ച് വിശദമാക്കുമോ; | (ബി) | 'സ്ത്രീ സൗഹാർദ്ദ ടൂറിസം ഇനിഷ്യേറ്റീവ് പദ്ധതി കെ ആർ ടി എം സൊസൈറ്റി വഴി കേരള ടൂറിസം നടപ്പിലാക്കുന്ന ഒരു മാതൃകയാണ്. സ്ത്രീകളുമായി ബന്ധപ്പെട്ട ടൂറിസത്തിന്റെ വിവിധ വശങ്ങൾ ഉൾക്കൊള്ളുന്നതാണ് ''സ്ത്രീ സൗഹാർദ്ദ ടൂറിസം' എന്ന പദ്ധതി. കേരളത്തെ സമ്പൂർണ്ണ സ്ത്രീ സൗഹൃദ വിനോദസഞ്ചാര കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തോടെ യു എൻ വിമണുമായി ചേർന്നാണ് പദ്ധതി |

| | | | |
|---|---|---|---|
| | | | നടപ്പാക്കുന്നത്. ടൂറിസം മേഖലയെ കൂടുതൽ സ്ത്രീ സൗഹൃദമാക്കുന്നതിനായി ഗ്രൂപ്പുകളും ഒറ്റക്ക് യാത്ര ചെയ്യുന്നവരും ഉൾപ്പെടുന്ന സ്ത്രീകളുടെ യാത്രയുടെ കുതിപ്പിന് ലോകമെമ്പാടും സാക്ഷ്യം വഹിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ സംസ്ഥാനവും അതിനനുസൃതമായി മാറേണ്ടതുണ്ട്. കേരളത്തിൽ നടന്ന് വരുന്ന സ്ത്രീ സൗഹാർദ്ദ വിനോദസഞ്ചാര പദ്ധതി ആഗോള മാതൃകയായി മാറിക്കഴിഞ്ഞു. സ്ത്രീ സൗഹൃദ വിനോദസഞ്ചാര പ്രവർത്തനങ്ങൾ ലോക ശ്രദ്ധയിൽ എത്തിക്കുന്നതിന് യു.എൻ വുമൺ -ന്റെ കൂടി പങ്കാളിത്തത്തോടെ ആദ്യ ഗ്ലോബൽ വിമൺ കോൺഫറൻസ് ഓൺ റെസ്പോൺസിബിൾ & ജൻഡർ ഇൻക്ലൂസീവ് ടൂറിസം 2024 നവംബർ 30, ഡിസംബർ 1, 2 തീയതികളിലായി കേരളത്തിലെ അന്താരാഷ്ട്ര ടൂറിസം കേന്ദ്രമായ മൂന്നാറിൽ വച്ച് നടന്നു. |
| (സി) | ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് എത്ര സ്ത്രീ സംരംഭങ്ങളാണുള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | കേരള റെസ്പൊൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന ആകെ യൂണിറ്റുകളിൽ 17631 (70%) യൂണിറ്റുകൾ സ്ത്രീകളുടെ ഉടമസ്ഥതയിലുള്ളതോ സ്ത്രീകൾ നയിക്കുന്നതോ ആണ് . ഈ യൂണിറ്റുകൾ എല്ലാം തന്നെ സ്ത്രീ സൗഹൃദ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി എക്സ്ക്ലൂസീവ് വിമൺ ടൂറുകൾ നടത്തുന്ന വിവിധ യൂണിറ്റുകൾ കെ ആർ ടി എം സൊസൈറ്റി രജിസ്റ്റർ ചെയ്തിട്ടുണ്ട്. അത് പോലെ സ്ത്രീകൾ നയിക്കുന്ന ഹോംസ്റ്റേകൾ, സ്ത്രീകളുടെ സുവനീർ യൂണിറ്റുകൾ എന്നിങ്ങനെ വിവിധ കേന്ദ്രീകൃത പ്രവർത്തനങ്ങൾ കെ ആർ ടി എം സൊസൈറ്റി നടത്തി വരുന്നു.<br><br>മുപ്പതിനായിരം പേർക്ക് തൊഴിൽ നൽകാനും സ്ത്രീ സൗഹാർദ്ദ യാത്രകൾ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയാണ് ഈ പദ്ധതി ലക്ഷ്യമാക്കുന്നത്. സ്ത്രീ സൗഹാർദ്ദ വിനോദസഞ്ചാര പദ്ധതിയുമായി ബന്ധപ്പെട്ട് 17631 സ്ത്രീകൾ കെ.ആർ.ടി.എം സൊസൈറ്റിയിൽ രജിസ്റ്റർ ചെയ്തു കഴിഞ്ഞു. കമ്മ്യൂണിറ്റി ടൂർ ലീഡർ, ടൂർ ഓപ്പറേറ്റർ ഡ്രൈവർമാർ, ഹോംസ്റ്റേകൾ റസ്റ്റോറന്റ് എന്നീ മേഖലകളിൽ സംരംഭങ്ങൾ തുടങ്ങാനാകും. ഇവയെല്ലാം ഏകോകിപ്പിച്ച്, ഒരു സ്ത്രീ സൗഹാർദ്ദ ടൂറിസം ശൃംഖല രൂപീകരിക്കുന്നതിന് വേണ്ട നടപടികൾ കേരള റെസ്പോൺബിൾ ടൂറിസം മിഷൻ സൊസൈറ്റി ചെയ്തു വരുന്നു. |
| (ഡി) | ആർ.ടി. മിഷന്റെ സ്ത്രീ സൗഹൃദ വിനോദസഞ്ചാര പദ്ധതിയിലൂടെ 2025-ഓടെ എത്ര സ്ത്രീ സംരംഭങ്ങൾ | (ഡി) | കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ സ്ത്രീ സൗഹൃദ വിനോദസഞ്ചാര |

| | | | |
|---|---|---|---|
| | ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ? | | പദ്ധതിയിലൂടെ കുറഞ്ഞത് 2000 വനിതാ സംരംഭങ്ങളും, പദ്ധതി പൂർത്തിയാകുമ്പോൾ പതിനായിരം സംരംഭങ്ങളും എന്നാണ് ഉദ്ദേശിച്ചിട്ടുള്ളത് . |

സെക്ഷൻ ഓഫീസർ